(സി) കെ. എസ്. ഇ. ബി.-യിൽ ദിവസ വേതനത്തിൽ ആളുകളെ നിയമിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ താൽക്കാലിക ജീവനക്കാരുണ്ടെങ്കിൽ അവരെ പിരിച്ചുവിട്ട് പി.എസ്.സി. മുഖേന നിയമനത്തിന് നടപടി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇലക്ട്രോണിക് മീറ്റർ സ്ഥാപിച്ചപ്പോഴുള്ള അധിക വരുമാനം

75 [889] ശ്രീ. കെ. സി. ജോസഫ്:

" കെ. മോഹൻകുമാർ:

" കെ. സി വേണുഗോപാൽ:

പ്രൊഫ: എ. ഡി. മുസ്തഫ:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര ഇലക്ട്രോണിക് വൈദ്യുത മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഇവ സ്ഥാപിച്ചതിന്റെ ഫലമായി ഉണ്ടായ വൈദ്യുതി ഉപഭോഗത്തിന്റെ വർദ്ധന എത്രയാണ്;

(സി) ഈ വർദ്ധനവിൽ നിന്നും ലഭിക്കുന്ന അധിക വരുമാനം എത്ര;

(ഡി) ഇലക്ട്രോണിക് മീറ്റർ സ്ഥാപിച്ചപ്പോൾ വൈദ്യുതി ഉപഭോഗം വർദ്ധിക്കാനുണ്ടായ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 22, 12, 120.

(ബി) ഉപഭോഗത്തിൽ വർദ്ധന ഉണ്ടായിട്ടില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉപഭോഗം കൂടിയിട്ടില്ല. ഇലക്ട്രോണിക് മീറ്റർ സ്ഥാപിച്ചതുമൂലം യഥാർത്ഥ ഉപഭോഗം മീറ്ററിൽ രേഖപ്പെടുത്തി തുടങ്ങി.

ഇലക്ട്രോണിക് മീറ്ററിന് പകരം പഴയ മീറ്റർ സ്ഥാപിക്കണമെന്ന ആവശ്യം

76 [894] ശ്രീ. പി. കെ. കെ. ബാവ:

" കളത്തിൽ അബ്ദുള്ള:

" സി മമ്മൂട്ടി:

" ഇ. ടി. മുഹമ്മദ് ബഷീർ:

" ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് ഇപ്പോൾ കെ.എസ്. ഇ. ബി. പഴയ മീറ്ററിന് പകരം മാറ്റി സ്ഥാപിച്ച് വരുന്ന ഇലക്ട്രോണിക് മീറ്റർ അമിതമായി റീഡിംഗ് കാണിക്കുന്നതായ പരാതി വന്നിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നടപടി പിൻവലിച്ച് നേരത്തെ ഉണ്ടായിരുന്ന പഴയ തരം മീറ്റർ തന്നെ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

മാറ്റി സ്ഥാപിച്ച് വരുന്ന ഇലക്ട്രോണിക് മീറ്ററുകൾക്ക് പകരം നേരത്തെ ഉണ്ടായിരുന്ന പഴയ തരം മീറ്റർ തന്നെ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ മാറ്റി സ്ഥാപിക്കപ്പെട്ട മീറ്റർ തെറ്റായി റീഡിംഗ് കാണിക്കുന്നതായി പരാതി ലഭിച്ചാൽ അവ പരിശോധിച്ച് ബോർഡിന്റെ ചെലവിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഇപ്പോൾ തന്നെ വ്യവസ്ഥയുണ്ട്.

സഹകരണ ബാങ്കുകളിൽ കാഷ്യർ തസ്തികകളിൽ സംവരണ പ്രാതിനിധ്യം

77 [895] ഡോ. എ. നീലലോഹിതദാസൻനാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ ക്ലാർക്ക്/കാഷ്യർ തസ്തികകളിലേക്ക് നടന്നിട്ടുള്ള നിയമനങ്ങളിൽ സംവരണം അർഹിക്കുന്ന ഏതെങ്കിലും വിഭാഗത്തിന് പ്രാതിനിധ്യക്കുറവ് വന്നിട്ടുണ്ടോ;

(ബ) ഏതെല്ലാം സംവരണ വിഭാഗങ്ങൾക്കാണ് പ്രാതിനിധ്യക്കുറവ് ഉണ്ടായിട്ടുള്ളത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly